**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 604** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ദീപക് ജോയ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ വഴി നൽകിവരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള **സ്വയം തൊഴിൽ വായ്പാ പദ്ധതി**
2. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി **പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി.** നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്നതാണ്.
3. പിന്നോക്ക സമുദായത്തിൽപെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി **വിദ്യാഭ്യാസ വായ്പ പദ്ധതി.**
4. പിന്നാക്ക വിഭാഗത്തിൽ പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള **സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി.**
5. സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDS കളും വഴി **മൈക്രോ ഫിനാൻസ് പദ്ധതി** നടപ്പിലാക്കുന്നു.
6. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി **സുവർണശ്രീ വായ്പാ പദ്ധതി.**
7. താഴ്ന്ന വരുമാനക്കാരായ OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി **വിവാഹ ധനസഹായ വായ്പ**
8. നിലവിൽ സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് **Business Development വായ്പാ**

9. കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി **പ്രവർത്തന മൂലധന വായ്പ**
10. സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി **വ്യക്തിഗത വായ്പാ പദ്ധതി**
11. സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹപുനരുദ്ധാരണത്തിന് നൽകുന്ന **സ്വസ്ഥഗൃഹ വായ്പ പദ്ധതി**
12. സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ടൂ-വീലർ ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള **വാഹന വായ്പ പദ്ധതി**
13. ഭവന രഹിതരായ പിന്നോക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമിക്കുന്നതിനുള്ള **എന്റെ വീട് ഭവന നിർമാണ വായ്പ പദ്ധതി**
14. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി **വിദ്യശ്രീ വായ്പാ പദ്ധതി.**
15. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ് അധികരിക്കാത്ത ലൈസൻസും ബാഡ്ജും ഉള്ള ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക് / സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി. യിലേയ്ക്ക് മാറ്റുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയാണ് **ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി.**
16. സംസ്ഥാനത്തെ ഒബിസി വിഭാഗത്തിൽപ്പെട്ട വിധവകൾക്കും, 40 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള **പുനർജനി സ്വയം തൊഴിൽ വായ്പ പദ്ധതി.**

**(ബി)** അവയിൽ സബ്സിഡി ഏതൊക്കെ ഇനത്തിലാണ് ലഭിക്കുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ സബ്സിഡി അനുവദിക്കുന്ന വായ്പകൾ ചുവടെ ചേർക്കുന്നു.

1. **പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി.** നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തിയാണ് ഈ വായ്പ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി അടങ്കലിന്റെ 15% വരെ (പരമാവധി 3 ലക്ഷം രൂപ) മൂലധന സബ്സിഡിയായി അനുവദിക്കുന്നതാണ്. കൂടാതെ, വായ്പ തിരിച്ചടവിന്റെ ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നു. പരമാവധി വായ്പ തുക- 30 ലക്ഷം രൂപ
2. **സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി.** പിന്നോക്ക വിഭാഗ വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം വായ്പ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നു. പരമാവധി വായ്പ തുക- 20 ലക്ഷം രൂപ
3. **ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി.** പിന്നോക്ക വിഭാഗ വികസന വകുപ്പുമായി സഹകരിച്ചു നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം വായ്പ തുകയുടെ 20% (പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നു. പരമാവധി വായ്പ തുക- 8 ലക്ഷം രൂപ.
4. **പുനർജനി സ്വയം തൊഴിൽ വായ്പ പദ്ധതി.** പിന്നോക്ക വിഭാഗ വികസന വകുപ്പുമായി സഹകരിച്ചു നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം വായ്പ തുകയുടെ 20% (പരമാവധി 1 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നു. പരമാവധി വായ്പ തുക- 5 ലക്ഷം രൂപ.

**(സി)** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് ഹെഡ് ഓഫീസും, 14 ജില്ലാ ഓഫീസുകളും, 20 ഉപജില്ലാ ഓഫീസുകളും ഉൾപ്പെടെ ആകെ 35 ഓഫീസുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലൂടെ സ്ഥാപനത്തിന്റെ പദ്ധതികൾ എല്ലാ മേഖലകളിലുമുള്ള ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ, പിന്നോക്ക കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**